വിനോദസഞ്ചാര മേഖലയിലെ വികസനം

4 (*214) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ വിനോദസഞ്ചാര മേഖലയിലെ വികസനം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; ടൂറിസം പ്രൊമോഷൻ ബോർഡ് രൂപീകരിച്ചോ; ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇവയിൽ എന്തൊക്കെ കാര്യങ്ങൾ സാദ്ധ്യമായി; അതിന്റെ അധികാരാവകാശങ്ങൾ എന്തെല്ലാമാണ്;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇത്തരം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ടൂറിസം ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് കമ്മിറ്റികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ &ബി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനവും പശ്ചാത്തല സൗകര്യ വികസനവും നടപ്പിലാക്കി കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ അന്തർദ്ദേശീയ നിലവാരത്തിൽ എത്തിക്കുന്നതിലേക്ക് മെഗാ സർക്യൂട്ട് ഡെവലപ്പ്മെന്റ്, ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് തുടങ്ങിയ പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ വിവിധ പ്രദേശങ്ങളുടെ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിച്ച് വിനോദസഞ്ചാരികളെ അവിടേക്ക് ആകർഷിക്കുന്നതിനും ഒട്ടേറെ പദ്ധതികൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

'സ്റ്റേറ്റ് ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ്' രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിശദാംശം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പശ്ചാത്തല വികസനത്തിനായി കഴിഞ്ഞ ഏതാനും വർഷങ്ങളായി കേന്ദ്ര സഹായമുൾപ്പെടെ 950 കോടി രൂപയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിലവിലുള്ള സൗകര്യങ്ങളെക്കുറിച്ച് എല്ലാ പ്രധാന കേന്ദ്രങ്ങളിലും ടൂറിസം വകുപ്പ് ഫീഡ് ബാക്ക് സർവ്വേ നടത്തുകയും അങ്ങനെ ലഭിക്കുന്ന വിവരങ്ങൾ കണക്കിലെടുത്ത് സഞ്ചാരികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. വിനോദസഞ്ചാര മേഖലയിലെ സമഗ്ര ശുചീകരണം ലക്ഷ്യമാക്കി ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി അതത് ജില്ലാ ഡി.റ്റി.പി.സി. മുഖാന്തരം 'ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ' നടപ്പിലാക്കി വരുന്നു. കോവളം, മൂന്നാർ തുടങ്ങിയ ഡെസ്റ്റിനേഷനുകളിൽ വിവിധ എൻ.ജി.ഒ.-കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കിവരുന്നു. ടൂറിസം മേഖലയിൽ അപകടസാദ്ധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണത്തിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പോലീസ് വകുപ്പുവഴി പ്രത്യേകം നിരീക്ഷണത്തിന് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രത്യേകം പരിശീലനം സിദ്ധിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ബീച്ചുകളിൽ ലൈഫ് ഗാർഡുകളുടെ സേവനവും മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കുകയും ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദ സഞ്ചാരികൾക്ക് ലൈഫ്ജാക്കറ്റ് ധരിക്കണമെന്ന കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ ഹൗസ് ബോട്ട് ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രാഥമിക ഘട്ടത്തിലാണ്.

(ഡി) ഉണ്ട്. ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ വിപുലപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly